**<u>മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകയുടെ കാര്യലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കണ്ണൂർ ജില്ല - ചെങ്ങളായി ഗ്രാമപഞ്ചായത്ത് - ചുഴലി വില്ലേജ് -എം സാന്റ് മാനുഫാക്ച്ചറിംഗ് യൂണിറ്റ് നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13/02/2019-ലെ **A4/6280/18** നമ്പർ കത്ത്

2) കണ്ണൂർ ടൗൺ പ്ലാനറുടെ **26**/02/2019-ലെ **C/452/1**9 നമ്പർ കത്ത്.

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നമ്പർ. **TCPCTP/468/19-D** തീയതി **: 21/03/2019**

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുഴലി വില്ലേജിൽ റീസർവ്വേ നമ്പർ **12/101** -ൽ പ്പെട്ട **2.41 Hec** വിസ്തീർണ്ണമുള്ള സ്ഥലത്ത് എം സാന്റ് മാനുഫാക്ചറിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. സി.പി. ഷൗക്കത്തലി-യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥനത്തിൽ കെ .പി.ബി.ആർ-2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളു.
2. **KPBR-2011**-ലെ ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സർവ്വെ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ **2008**-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. **KPBR 2011**-ലെ ചട്ടം **61(16) (17)** എന്നിവ പ്രകാരം ദ്രവ മാലിന്യ സംസ്കരണത്തിനും മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിനും ആവശ്യമായ

സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

8. ലെവൽ വ്യത്യാസമുള്ള സ്ഥലമായതിനാൽ കട്ടിങ്/ ഫില്ലിംഗ് ആവശ്യമാകാൻ സാധ്യത കാണുന്നതിനാൽ,ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട വകുപ്പിന്റെ അനുമതിപത്രം നിർബന്ധമായും ഹാജരാക്കിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 23/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി.ആർ.
നഗരാസൂത്രക

സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്.

പകർപ്പ് : 1) ശ്രീ. സി.പി.ഷൗക്കത്തലി (മാനേജിംഗ പാർട്ണർ), എ വൺ സ്റ്റോൺ ക്രഷർ ഇൻഡസ്ട്രി, ചുഴലി, നടുവിൽ.പി.ഒ., കണ്ണൂർ-670582
2) ടൗൺ പ്ലാനർ, കണ്ണൂർ.
3) വെബ്സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.